**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4033** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ കെട്ടിട നിർമ്മാണ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിച്ച് പെർമിറ്റ് നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനത്തിൽ അപാകതകൾ ഉണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിനുള്ള സോഫ്റ്റ് വെയർ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ നഗരസഭകളിലെ കെട്ടിട നിർമ്മാണ അപേക്ഷകൾ ഓൺലൈൻ ആയി കൈകാര്യം ചെയ്യുന്നതിന് വികസിപ്പിച്ച സോഫ്റ്റ് വെയർ ആണ് ഐ.ബി.പി.എം.എസ്(IBPMS - Intellegent Building Plan Management System). ഐ.ബി.പി.എം.എസ് എന്ന പദ്ധതി ഒരു ഇന്റലിജന്റ് സോഫ്റ്റ് വെയർ മുഖാന്തിരം പ്രവർത്തിക്കുന്നതിനാൽ ആദ്യ ഘട്ടത്തിൽ ചില പരാതികൾ ലഭ്യമായിട്ടുള്ളതും ആയതിനു സമയബന്ധിതമായി തന്നെ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ് |
| (ബി) | ഓൺലൈനായി സമർപ്പിക്കപ്പെടുന്ന പ്ലാനുകൾ സിസ്റ്റം തന്നെ പരിശോധിച്ച് അവ ബിൽഡിംഗ് റൂളിന് വിധേയമായിട്ടാണോ എന്ന് തീരുമാനിക്കുന്നതിനുള്ള സംവിധാനം നിലവിലെ സോഫ്റ്റ്‌വെയറിൽ ലഭ്യമാണോ; | (ബി) | ഓൺലൈൻ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് നഗരസഭകളിൽ നിലവിലുള്ള ഐ.ബി.പി.എം.എസ് (IBPMS)ൽ ഓൺലൈനായി സമർപ്പിക്കുന്ന പ്ലാനുകൾ ബിൽഡിംഗ് റൂളിന് വിധേയമായിട്ടാണോ സമർപ്പിച്ചിട്ടുള്ളതെന്ന് സോഫ്റ്റ് വെയർ തന്നെ പരിശോധിക്കുന്നതിനുള്ള സംവിധാനം ലഭ്യമാണ്.<br><br>പഞ്ചായത്തുകളിൽ ഉപയോഗത്തിലുള്ള സങ്കേതം ആപ്ലിക്കേഷൻ വഴി കെട്ടിട നിർമ്മാണനുമതി നൽകുമ്പോൾ ചെക്ക് ലിസ്റ്റ് തയ്യാറാക്കുകയും അത് റൂൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന് ശേഷം മാത്രമെ ആപ്ലിക്കേഷനിൽ പ്ലാൻ ഉൾപ്പെടുത്താൻ അനുവദിക്കുകയുള്ളു. പ്രസ്തുത ആപ്ലിക്കേഷനിൽ ഓൺലൈനായി സമർപ്പിക്കപ്പെടുന്ന പ്ലാനുകൾ |

| | | | |
|---|---|---|---|
| | | | സിസ്റ്റം തന്നെ പരിശോധിച്ച് അവ ബിൽഡിംഗ് റൂളിന് വിധേയമായിട്ടാണോ എന്ന് തീരുമാനിക്കുന്നതിനുള്ള സംവിധാനം നിലവിലെ സോഫ്റ്റ് വെയറിൽ ലഭ്യമല്ല. |
| (സി) | സോഫ്റ്റ്‌വെയർ ഉപയോഗം സംബന്ധിച്ച് ജീവനക്കാർക്ക് പരിശീലനം നൽകാൻ സാധിച്ചിട്ടുണ്ടോ; | (സി) | സോഫ്റ്റ് വെയർ ഉപയോഗം സംബന്ധിച്ച് ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |
| (ഡി) | അപാകതകൾ പരിഹരിച്ചുകൊണ്ട് കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിക്കുന്ന നടപടിക്രമം കുറ്റമറ്റതാക്കാൻ സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ? | (ഡി) | GIS ലാൻഡ് റവന്യൂ റെക്കോർഡുകൾ, CAD സോഫ്റ്റ് വെയർ എന്നിവയുടെ സഹായത്തോടെ ബിൽഡിംഗ് റൂൾ 2019 അനുസരിച്ച് സോഫ്റ്റ് വെയർ മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ